113

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

നം.24902/ജി2/2011/ആ.കു.വ

തിരുവനന്തപുരം, തീയതി 14.10.2011

**വിജ്ഞാപനം**

കേരളാ ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്വകാര്യ ആശുപത്രികളുടെ പാനലിൽ ഉൾപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച 29.08.11-ലെ 24902/ജി2/2011/ആ.കു.വ നമ്പർ വിജ്ഞാപന പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 31.10.2011 ലേക്ക് നീട്ടിയിരിക്കുന്നു.

എം.ആർക്കാഞ്ചലോ

സ്പെഷ്യൽ സെക്രട്ടറി

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

നം.24902/ജി2/2011/ആ.കു.വ തിരുവനന്തപുരം, തീയതി 29.08.2011

## വിജ്ഞാപനം

സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സയും ചികിത്സാ സഹായം ആവശ്യപ്പെടുന്നതിനും കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രികളുടെ മേധാവികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

താഴെപ്പറയുന്നവ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

1. ആശുപത്രികൾക്ക് മതിയായ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം.
2. ആശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങളും ശസ്ത്രക്രിയാ സൗകര്യങ്ങളും ഉണ്ടായിരിക്കണം.
3. ആശുപത്രികൾക്ക് ആവശ്യമായ ജീവനക്കാരും സേവനപ്രവർത്തനങ്ങളും ഉണ്ടായിരിക്കണം.
4. ചാർട്ടേഡ് അക്കൗണ്ടന്റിൽ നിന്ന് ലഭിച്ച അവസാനത്തെ 3 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കണം.
5. ഗവ.ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാകുന്നതരത്തിൽ മതിയായ സൗകര്യങ്ങൾ ഈ ആശുപത്രികൾക്ക് ഉണ്ടായിരിക്കണം.
6. ഈ ആശുപത്രികളിൽ അവസാനത്തെ 2 വർഷത്തെ നല്ല നടത്തിപ്പ് റിക്കാർഡ് ഉണ്ടായിരിക്കണം.
7. ഒ.പി.യിലും ഐ.പി.യിലും രോഗികളുടെ മതിയായ പങ്കാളിത്തം ഉണ്ടായിരിക്കണം.ചികിത്സാ നിരക്ക് ന്യായമായതും മറ്റു സമാന നിലവാരത്തിലുള്ള സ്ഥാപനത്തിന് താരതമ്യവുമായിരിക്കണം.
8. ആശുപത്രികളിലെ എല്ലാ നടപടി ക്രമങ്ങൾക്കും മാനേജ്മെന്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കണം.
9. ജീവനക്കാർക്കും രോഗികൾക്കും മതിയായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണം.

2) അനുബന്ധമായി ചേർത്തിട്ടുള്ള നിബന്ധകളുടെ ഫാറം പൂരിപ്പിച്ച് മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുടെ ശുപാർശയോടെ അപേക്ഷ സമർപ്പിക്കണം.

3) അപേക്ഷ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയ്ക്ക് 30.09.2011-ന് മുമ്പ് ലഭിച്ചിരിക്കണം.

എം.ആർക്കാഞ്ചലോ
സ്പെഷ്യൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

## അനുബന്ധം

## സ്വകാര്യ ആശുപത്രികളുടെ അംഗീകാരത്തിന് വേണ്ടിയുള്ള നിബന്ധനകൾ

1. ആശുപത്രിയുടെ പേര്
2. ജില്ലയുടെ പേര്
3. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത്
4. ആശുപത്രിയിലെ ഡോക്ടർമാരുടെ എണ്ണം
5. ആശുപത്രിയിലെ നഴ്സുമാരുടെ എണ്ണം
6. ആശുപത്രിയിലെ ബെഡ്ഡുകളുടെ എണ്ണം
7. ലഭ്യമാകുന്ന പ്രത്യേക സേവനങ്ങൾ
8. ശസ്ത്രക്രിയാ മുറികളുടെ എണ്ണം
9. ഒരുമാസത്തെ ശരാശരി ഒ.പി.യുടെ എണ്ണം
10. ഒരുമാസത്തെ ശരാശരി ഐ.പി.യുടെ എണ്ണം
11. ഒരുമാസത്തെ ശരാശരി ശസ്ത്രക്രിയകളുടെ എണ്ണം(മേജർ/മൈനർ)
12. ഒരുമാസത്തെ ശരാശരി പ്രസവങ്ങളുടെ എണ്ണം
13. ഒരുമാസത്തെ ശരാശരി അന്വേഷണ നടപടികളുടെ എണ്ണം
14. സ്ഥാപനത്തിൽ, ചികിത്സയ്ക്ക് ഒരു വർഷം ശരാശരി എത്തുന്ന സർക്കാർ ജീവനക്കാർ എത്ര?
15. ലഭ്യമാകുന്ന സൗകര്യങ്ങൾ
    1) ഒ.പി. റൂം (മെഡിക്കൽ/ സർജിക്കൽ/ ഡെന്റൽ)
    2) ഇൻജക്ഷൻ റൂം
    3) ഡ്രെസ്സിംഗ് റൂം/ മൈനർ തീയറ്റർ
    4) ഡിസ്പൻസിംഗ് റൂം
    5) ഐ.പി.വാർഡ് സംവിധാനം (ജനറൽ, ക്യൂബിക്കിൾ/ പ്രൈവറ്റ് റൂം)
    6) ഓപ്പറേഷൻ തീയറ്റർ ( ജനറൽ, സ്പെഷ്യാൽറ്റി എ.സി/ നോൺ എ.സി
    7) ലബോറട്ടറീസ് (ജനറൽ, സ്പെഷ്യാൽറ്റി)
    8) ലേബർ റൂം
    9) ബ്ളഡ് ബാങ്ക്
    10) ഫിസിയോതെറാപ്പി/ റീഹാബിലിറ്റേഷൻ റൂം
    11) സെൻട്രൽ സ്റ്റെറിലൈസേഷൻ റൂം
    12) എൻഡോസ്കോപ്പി റൂം
    13) കൗൺസിലിംഗ്/ഡേകെയർ സൗകര്യങ്ങൾ

14) കാത്ത് ലാബ്
15) ഡയാലിസിസ് യൂണിറ്റ്
16) റേഡിയോളജി/ഇമേജിയോളജി റൂം
17) സി.റ്റി/എം.ആർ.ഐ/മറ്റുള്ളവ
18) കാന്റീൻ/ഡയറ്ററി സൗകര്യം
19) ലാൻട്രി
20) മോർച്ചറി
21) ഇൻസിനറേറ്റർ/ ആൾട്ടർനേറ്റീവ് വെയ്സ്റ്റ് ഡിസ്പോസൽ സംവിധാനം